**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** **19-06-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കിമാറ്റുന്നതിനുള്ള വൈവിധ്യമാർന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇതിനായി അടിസ്ഥാന സൗകര്യ വികസന രംഗത്തും ഹോസ്പിറ്റാലിറ്റി മേഖലയിലും പ്രചരണ രംഗത്തും നൂതനമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിന്റെ സാധ്യതകൾ പരിശോധിയ്ക്കുകയും അവ ടൂറിസം ആകർഷണങ്ങളാക്കി മാറ്റുകയും ചെയ്യുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതും ഹെലിടൂറിസം, വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്. ടൂറിസം കോറിഡോർ വികസനം ഇതിലേയ്ക്കുള്ള പ്രധാന ചുവടുവയ്പാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്. കൂടാതെ റെസ്പോൺസിബിൾ ടൂറിസം എന്ന ആശയം അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പിരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആയോധന കലകളുടെ പ്രോത്സാഹനം എന്നിവ നടപ്പിലാക്കി വരുന്നു. ഈ നിലയിൽ കേരളത്തെ ഒരു ടൂറിസം ഹബ്ബായി പടിപടിയായി ഉയർത്തുകയാണ് വകുപ്പിന്റെ ലക്ഷ്യം. |
| (ബി) | വിദേശ വിനോദസഞ്ചാരികളുടെ അഭിരുചിക്കനുസൃതമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന മികച്ച പ്രൊഫഷണലിസം ഉള്ള | (ബി) | ഹോസ്പിറ്റാലിറ്റി മേഖലയിൽ വൈദഗ്ധ്യം ഉള്ള മാനവ വിഭവശേഷി വാർത്തെടുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ കീഴിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | ഹോസ്പിറ്റാലിറ്റി വിഭാഗത്തെ സജ്ജമാക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദീകരിക്കുമോ; | | പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), കണ്ണൂർ ജില്ലയിൽ കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, 13 ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയ്ക്ക് പുറമെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) എന്ന സ്ഥാപനത്തിനു കീഴിൽ തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി എന്നീ സെന്ററുകൾ പ്രവർത്തിക്കുന്നു. മേൽ സ്ഥാപനങ്ങൾക്ക് പുറമെ തിരുവനന്തപുരം ജില്ലയിലെ കോവളത്ത് കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജി എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. ഹോസ്പിറ്റാലിറ്റി മേഖലയിലെ വിവിധ തലങ്ങളിൽ മികച്ച പ്രൊഫഷണലിസം ഉള്ള മാനവവിഭവശേഷി സൃഷ്ടിക്കുന്നതിനു മേൽ സ്ഥാപനങ്ങൾ പ്രാധാന്യം നൽകുന്നു. |
| (സി) | വിനോദസഞ്ചാര മേഖലയുടെ പശ്ചാത്തല വികസനത്തിന്റെ ഭാഗമായി തനത് രൂപകൽപ്പന നയം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | കേരളത്തെ ഒരു പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര സംസ്ഥാനമാക്കി മാറ്റുന്നതിനും കേരളത്തിലെ പൊതുരംഗത്ത് വിനോദസഞ്ചാര മേഖലയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൊതു ഡിസൈൻ സാധ്യമാക്കാനും സമഗ്രമായ ഒരു ഡിസൈൻ പോളിസി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരള ഡിസൈൻ പോളിസിയ്ക്ക് (രൂപകൽപ്പന നയത്തിന്) 14.03.2024 തീയതിയിലെ സ.ഉ. (കൈ) നം.5/2024/TSM ഉത്തരവ് പ്രകാരം, സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു ) ഡിസൈൻ നയത്തിന്റെ ഭാഗമായി വിഭാവനം ചെയ്ത പദ്ധതികൾക്ക് ടൂറിസം വകുപ്പ് തുടക്കമിടുകയും ചെയ്യും. |
| (ഡി) | ബേപ്പൂരിലെ ഉരുക്കൾ ഒരു പ്രധാന ടൂറിസം ഉൽപ്പന്നമായി ഉയർത്തിക്കൊണ്ടുവരുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (ഡി) | ബേപ്പൂരിലെ ഉരുക്കൾ ടൂറിസം പ്രവർത്തനത്തിന്റെ ഭാഗമായിട്ടില്ല. ബേപ്പൂരിലെ ഉരു മാതൃകയിലുള്ള സുവനീറുകൾ വ്യാപകമായി വിപണനം ചെയ്തുവരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - കേരള സംസ്ഥാന ഡിസൈൻ പോളിസി - അംഗീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/TSM തീയതി,തിരുവനന്തപുരം, 14-03-2024

---

പരാമർശം:-

1. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 05.11.2022, 13.12.2022 എന്നീ തീയതികളിലെ പി4-17521/2022 നമ്പർ കത്തുകൾ .
2. 06.01.2023-ലെ സ.ഉ (സാധാ) നം. 8/2023/ടൂറിസം
3. കെ.റ്റി.ഐ.എൽ മാനേജിംഗ് ഡയറക്ടറുടെ 06.02.2024 തീയതിയിലെ കെറ്റിഐഎൽ / കേരള ഡിസൈൻ പോളിസി /40-2024 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അനുഭവവേദ്യമായ വിനോദസഞ്ചാരത്തിൽ തുറസ്സായ സ്ഥലങ്ങൾ, സ്ട്രീറ്റ് ഫർണീച്ചർ, സൈനേജുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കൊപ്പം ചുറ്റുപാടുമുള്ള നിർമ്മിതികളും സംസ്ഥാനത്തെക്കുറിച്ച് സഞ്ചാരികളിൽ ഒരു അഭിപ്രായം രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുകയും സന്ദർശകരിൽ ശാശ്വതമായ മതിപ്പുളവാക്കുകയും ചെയ്യുന്നതിനാൽ, കെട്ടിടങ്ങൾ, പൊതു അടിസ്ഥാന സൗകര്യങ്ങളായ പാലങ്ങൾ, റോഡുകൾ, സ്ട്രീറ്റ് ഫർണീച്ചർ, സൈൻ ബോർഡുകൾ, സൈനേജുകൾ, നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ, പൈതൃക - പൊതു കെട്ടിടങ്ങൾ എന്നിവയുടെ രൂപകല്പന നിയന്ത്രിക്കുന്നതിനും കേരളത്തെ ഒരു പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ സമഗ്രമായ ഒരു ഡിസൈൻ പോളിസി ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടു.

2. മേൽ സാഹചര്യത്തിൽ , രൂപകൽപന നയത്തിന്റെ കരട് തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ 2023 ജനുവരി 27, 28 തീയതികളിൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. .ദേശീയ തലത്തിൽ ബന്ധപ്പെട്ട മേഖലകളിൽ അറിയപ്പെടുന്ന നിരവധി വിദഗ്ധർ പങ്കെടുത്ത ശില്പശാലയിൽ കരട് രൂപ കല്പനാ നയത്തിന് (ഡിസൈൻ പോളിസി ) രൂപം നല്കി . തുടർന്ന്

തല്പര വകുപ്പുകളുടെയും (Stake holder departments ) സർക്കാർ ഏജൻസികളുടെയും ഉപദേശക വകുപ്പുകളുടെയും നിർദേശങ്ങൾ പരിശോധിച്ച് പ്രസക്തമായവ ഉൾപ്പെടുത്തി കരട് പരിഷ്കരിക്കുകയുണ്ടായി .

3. സർക്കാർ അന്തിമ കരട് ഡിസൈൻ പോളിസി വിശദമായി പരിശോധിച്ചു. മാറിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ സജ്ജമാക്കുന്നതിനും തദ്വാര സുസ്ഥിര വിനോദസഞ്ചാരത്തിനായുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ രീതിയിൽ പത്ത് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് വയ്ക്കുന്ന രീതിയിൽ തയ്യാറാക്കിയ കേരള ഡിസൈൻ പോളിസി, പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്തു കേരള സർക്കാർ SoR പ്രകാരമായിരിക്കണമെന്നും , കേരള സർക്കാർ അംഗീകരിച്ച ഷെഡ്യൂൾ ഓഫ് അക്കമോഡേഷൻ (SoA) പാലിക്കണമെന്നുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി , അംഗീകരിച്ച് ഉത്തരവാകുന്നു.

4. മേൽ പ്രകാരം അംഗീകരിച്ച കേരള സംസ്ഥാന ഡിസൈൻ പോളിസി അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും( അറിവിലേയ്ക്കായി)
ധനകാര്യ വകുപ്പ് (11.03.2024 ലെ 2713738/EXP-B2/73/2024/FIN നം പ്രകാരം )
തദ്ദേശസ്വയംഭരണ വകുപ്പ് (26.08.2023 ലെ DC2/275/2023/LSGD നം പ്രകാരം )
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (31.05.2023 ലെ PLGEA-A2/113/2023-PLGEA നം പ്രകാരം )
ജനറൽ അഡ്മിനിസ്ട്രേഷൻ (എസ് സി) വകുപ്പ് (13.03.2024 ലെ ഇനം നമ്പർ 2125)
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്